(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) പലിശ സബ്സിഡി ആകർഷകമാക്കി ഹൗസിംഗ് സഹകരണ മേഖലയിലെ പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന പലിശ സബ്സിഡി വീണ്ടും അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നില്ല.

(സി) ഹൗസിംഗ് ഫെഡറേഷനിലെ ഒരു സാമ്പത്തിക വർഷത്തെ ഡിമാന്റ് തൻവർഷത്തിൽ തന്നെ അടയ്ക്കുന്ന സംഘങ്ങൾക്ക് നൽകിയിരുന്ന 0.5% പലിശ റിബേറ്റ് 1-4-2014 മുതൽ 1% ആയി ഉയർത്തിയിട്ടുണ്ട്. ഫെഡറേഷന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തി ആകർഷകമായ രീതിയിൽ പലിശ നിരക്ക് നിശ്ചയിച്ചു നൽകുന്നതുൾപ്പെടെ നടപ്പിൽ വരുത്തി പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

28 (*778) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(ബി) രാജഭരണ കാലം മുതൽ ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്രവസ്തുക്കൾ എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവ ലേലം ചെയ്തു മുതൽക്കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്നും ഇപ്പോൾ ചുമത്തിയിട്ടുള്ള പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(ബി) ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്ര വസ്തുക്കൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവ ലേലം ചെയ്ത് മുതൽക്കൂട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടില്ല. കേരളത്തിന്റെ തനത് വരുമാനത്തിന്റെ 70 ശതമാനവും പിരിച്ചെടുക്കുന്നത് വിൽപന നികുതി, മൂല്യവർദ്ധിത നികുതി എന്നിവയിൽ നിന്നാണ്. ഇവ പരോക്ഷ നികുതികൾ ആയതിനാൽ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലല്ല മറിച്ച് ജനങ്ങളുടെ ഉപഭോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

29 (*T 779) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പരിധികളിലുള്ള വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനാദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY, ARCHIVES Kerala Legislative Assembly